"ഭരണഭാഷ മാതൃഭാഷ"

# കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 ലെ കമ്പനി നിയമപ്രകാരം രൂപീകൃതം)

CIN: U40100KL2011SGC027424

രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം-695 004. കേരള
ടെലിഫോൺ നം. : 91-471-2448948
ഫാക്സ് : 91-471-2441361
ഇ-മെയിൽ : cehrm@ksebnet.com
വെബ് സൈറ്റ് : www.kseb.in

## സംഗ്രഹം

വിഷയം: കെ.എസ്.ഇ.ബി.ലിമിറ്റഡിൽ മീറ്റർ റീഡർ/ സ്പോട്ട് ബില്ലർ തസ്തികയിൽ നിലനിൽക്കുന്ന ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

---

## കോർപ്പറേറ്റ് ഓഫീസ് (എച്ച്.ആർ.എം)

B.O(FTD) No. 641/2020(EB.4(c)MR/Vacancy Report/2020-21) തിരുവനന്തപുരം, തീയതി, 19.10.2020

---

വായന :
1) സെക്രട്ടറി (ഭരണം) കെ.പി.എസ്.സി സെക്രട്ടറിക്ക് നൽകിയ നമ്പർ Estt.II/6781/2017 തീയതി, 30.01.2018 കത്ത്.
2) BO(DB)No.494/2018 (Estt.II/6718/2016) dated, 23.02.2018 ബോർഡ് ഉത്തരവ്.
3) സെക്രട്ടറി (ഭരണം) കേരള പബ്ലിക് സർവ്വീസ് കമ്മീഷന് നൽകിയ നമ്പർ Estt.II/6718/2016 തീയതി, 26.02.2018 കത്ത്.
4) ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം) ഡയറക്ടർ (D, IT & HRM) മുഖാന്തിരം ഫുൾടൈം ഡയറക്ടർമാർക്ക് സമർപ്പിച്ച No.EB.4(c)/ MR/Vacancy Report/2020-21 തീയതി, 06.10.2020 കുറിപ്പ് (അജണ്ട 39/10/20).

## ഉത്തരവ്

കെ.എസ്.ഇ.ബി ലിമിറ്റഡിൽ മീറ്റർ റീഡർ/ സ്പോട്ട് ബില്ലർ തസ്തികയിൽ നിലവിലുള്ള ഒഴിവുകളിലേക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നടത്തണമെന്ന് ആവശ്യപ്പെട്ട് നിരവധി നിവേദനങ്ങൾ ലഭിച്ചതിന്റെയും അടുത്ത കാലത്ത് മീറ്റർ റീഡർ/ സ്പോട്ട് ബില്ലർ തസ്തികയിൽ നിന്നും സബ് എഞ്ചിനീയർ തസ്തികയിലേക്ക് പ്രമോഷൻ നൽകിയതിന്റെ പശ്ചാത്തലത്തിൽ ടി തസ്തികയിലെ ജീവനക്കാരുടെ എണ്ണത്തിൽ കുറവ് സംഭവിച്ചതിന്റെയും അടിസ്ഥാനത്തിൽ മീറ്റർ റീഡർ/ സ്പോട്ട് ബില്ലർ തസ്തികയിലേക്ക് നിയമന ഒഴിവുകളുടെ എണ്ണം കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലേക്ക് റിപ്പോർട്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട തീരുമാനത്തിനായി വിഷയം, വായന (4) കുറിപ്പ് പ്രകാരം ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം) മുഴുവൻ സമയ ഡയറക്ടർമാർ മുമ്പാകെ സമർപ്പിക്കുകയുണ്ടായി.

31.01.2012-ൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലേക്ക് റിപ്പോർട്ട് ചെയ്ത ഒരു എൻ.ജെ.ഡി ഒഴിവിലേക്ക്, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഭാവിയിൽ ഉണ്ടായേക്കാവുന്ന ഒഴിവുകൾകൂടി സ്വയം കണക്കിലെടുത്ത് 07.04.2016-ൽ യോഗ്യതാ പരീക്ഷ നടത്തിയിരുന്നു. നിരവധി ഉദ്യോഗാർത്ഥികൾ ഈ പരീക്ഷ എഴുതിയിരുന്നുവെങ്കിലും റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയിരുന്നില്ല. വായന (1) കത്ത് പ്രകാരം നിയമനങ്ങൾ താത്കാലികമായി നിറുത്തിവെയ്ക്കാൻ കെ.എസ്.ഇ.ബി ലിമിറ്റഡ് തീരുമാനിച്ചിരുന്നതിനാൽ പിന്നീട് ഉണ്ടായ ഒഴിവുകൾ നാളിതുവരെ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടില്ല. നിയമനങ്ങൾ നടക്കാത്തതിനെതിരെ പരീക്ഷ എഴുതിയ ഒരുകൂട്ടം ഉദ്യോഗാർത്ഥികൾ ബഹു. കേരള ഹൈക്കോടതി മുമ്പാകെ WP(C) No.30039/2016 ഫയൽ ചെയ്യുകയും, ആദ്യം അനുകൂലവിധി സമ്പാദിക്കുകയുമുണ്ടായി. ഇതിനെതിരെ ബോർഡ് സമർപ്പിച്ച റിട്ട് അപ്പീൽ (173/2018) ബഹു. ഹൈക്കോടതി അനുവദിക്കുകയും ചെയ്തു. എന്നാൽ നിലവിലുണ്ടായിരുന്ന മീറ്റർ റീഡർമാരിൽ ഭൂരിഭാഗത്തിനും സബ് എഞ്ചിനീയർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനാൽ തസ്തികയിൽ കെ.പി.എസ്.സി ക്വാട്ടയിൽ നിയമനം ലഭിച്ച് സേവനം ചെയ്യുന്നവരുടെ അംഗസംഖ്യയിൽ ഇപ്പോൾ ഗണ്യമായി കുറവുണ്ടായിരിക്കുകയാണ്.

മീറ്റർ റീഡർമാരുടെ നിയമന വിഷയത്തിലെ പ്രായോഗിക തടസ്സങ്ങളായ സി.ഇ.എ റഗുലേഷൻ, ഈ തസ്തികയിൽ നിയമനത്തിനായി കെ.പി.എസ്.സി നിഷ്കർഷിച്ചിട്ടുള്ള നിലവിലെ അടിസ്ഥാന യോഗ്യതകൾ, ഇതനുസരിച്ച് സർവ്വീസിൽ കയറുന്നവർക്ക് നിലവിലെ വ്യവസ്ഥകൾ പ്രകാരം തുടർ പ്രമോഷൻ നൽകുന്നതിലെ സാങ്കേതിക തടസ്സം, നിലവിൽ ഈ മേഖലയിലെ സാങ്കേതിക പരിഷ്കരണങ്ങൾ, ഇവ മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ തുടങ്ങിയ കാര്യങ്ങളും ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം), ബോർഡിന്റെ ശ്രദ്ധയിൽ പെടുത്തുകയുണ്ടായി.

09.10.2020-ന് ചേർന്ന ബോർഡിന്റെ ഫുൾടൈം ഡയറക്ടർമാരുടെ യോഗം വിഷയം വിശദമായി പരിശോധിക്കുകയും, മീറ്ററിംഗുമായി ബന്ധപ്പെട്ട് ഒട്ടേറെ സാങ്കേതിക നവീകരണ പ്രക്രിയകൾ ബോർഡിൽ നടപ്പിലാക്കുന്നതുകൊണ്ടും നിലവിലെ സാഹചര്യത്തിൽ മീറ്റർ റീഡർമാരുടെ ദൈനംദിന ജോലിയുടെ മാനദണ്ഡങ്ങൾ പരിഷ്കരിക്കേണ്ടതുകൊണ്ടും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ക്വാട്ട ഒഴിവിന്റെ 50 ശതമാനം ആയ 218 എണ്ണം കെ.പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യാൻ അനുമതി നൽകാൻ തീരുമാനിച്ചു. ഇതനുസരിച്ച് ഉത്തരവ് പുറപ്പെടുവിച്ചുകൊള്ളുന്നു.

ഫുൾടൈം ഡയറക്ടർമാരുടെ ഉത്തരവ് പ്രകാരം

ഒപ്പ്/-

ലേഖ.ജി
കമ്പനി സെക്രട്ടറി ഇൻ ചാർജ്

സ്വീകർത്താവ്

ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം)

പകർപ്പ്

1. ഫിനാൻഷ്യൽ അഡ്വൈസർ/ചീഫ് ഇന്റേണൽ ഓഡിറ്റർ, കെ.എസ്.ഇ.ബി ലിമിറ്റഡ്
2. ചീഫ് എഞ്ചിനീയർ (ഐ.ടി), കെ.എസ്.ഇ.ബി ലിമിറ്റഡ്
3. കമ്പനി സെക്രട്ടറി ഇൻ ചാർജ്, കെ.എസ്.ഇ.ബി ലിമിറ്റഡ്.
4. ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറുടെ ടെക്നിക്കൽ അസിസ്റ്റന്റ്, കെ.എസ്.ഇ.ബി ലിമിറ്റഡ്.
5. ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, ഐ.ടി & എച്ച്.ആർ.എം)-ന്റെ ടെക്നിക്കൽ അസിസ്റ്റന്റ്, കെ.എസ്.ഇ.ബി ലിമിറ്റഡ്.
6. ഡയറക്ടർ (ട്രാൻസ്മിഷൻ, സിസ്റ്റം ഓപ്പറേഷൻ, സേഫ്റ്റി ആന്റ് സി.പി.റീസ്)-ന്റെ ടെക്നിക്കൽ അസിസ്റ്റന്റ്, കെ.എസ്.ഇ.ബി ലിമിറ്റഡ്
7. ഡയറക്ടർ, ജനറേഷൻ (സിവിൽ)-ന്റെ ടെക്നിക്കൽ അസിസ്റ്റന്റ്, കെ.എസ്.ഇ.ബി ലിമിറ്റഡ്
8. ഡയറക്ടർ, ജനറേഷൻ (ഇലക്ട്രിക്കൽ ആന്റ് എസ്.ഇ.എം)-ന്റെ ടെക്നിക്കൽ അസിസ്റ്റന്റ്, കെ.എസ്.ഇ.ബി ലിമിറ്റഡ്.
9. വിജിലൻസ് ഓഫീസറുടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, കെ.എസ്.ഇ.ബി. ലിമിറ്റഡ്.
10. സെക്രട്ടറി (ഭരണം)-യുടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, കെ.എസ്.ഇ.ബി. ലിമിറ്റഡ്.
11. സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്.